(ബി) ഇതിന്റെ സാദ്ധ്യതകളെപ്പറ്റി ഗവണ്മെണ്ടുമായി നമ്മുടെ ഗവണ്മെണ്ടു് എന്തെങ്കിലും കൂടിയാലോചന നടത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഇതു് ഉദിക്കുന്നില്ല.

പുസ്തകങ്ങൾക്കുള്ള ഗ്രാന്റു്

*ക്ക ര ൨. (൫൩) ശ്രീ. ടി എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പുസ്തകങ്ങൾക്കും മറ്റുമായി പിന്നോക്കസമുദായങ്ങളിലെ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കു് അനുവദിച്ചിട്ടുള്ള ഗ്രാന്റു് ഇതുവരെയും കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെണ്ടിനറിയാമൊ;

(ബി) ഇതുവരെ ആയതു കൊടുക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ൫൩൨ സ്കൂളുകളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു് സഹായധനം നല്കിയിട്ടുണ്ടു്. ബാക്കി സ്കൂളുകൾക്കു് കൊടുത്തുവരുന്നുണ്ടു്.

(ബി) ഇതിനു് അനുവദിച്ചിരുന്നതുക തീർന്നുപോകയാൽ കൂടുതൽ തുക അനുവദിക്കുന്നതിനു് അല്പം കാലതാമസം നേരിട്ടിട്ടുണ്ടു്. അല്ലാതെ മറ്റുകാരണങ്ങൾ ഒന്നും ഇല്ല.

കോളേജ് വിദ്യാർത്ഥികൾ

*ക്ക ര ൫൩ (൫൭) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമൊ.—

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ഏതേതു കോളേജുകളിൽ ഷെഡ്യൂൾകാസ്റ്റിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) ഓരോ കോളേജിലും എത്ര പേർ വീതം;

(സി) ഓരോരുത്തരുടേയും ജാതി ഏതു്?

വ്യവസായവും, എക്സൈസും, തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി ശ്രീ. എൻ. കണ്ണൂരാമൻ): (എ. ബി. സി.) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെണ്ടു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(Vide answer to question No. 1143)

കോളേജുകളുടെ പേരുവിവരം	വിദ്യാർത്ഥികളുടെ എണ്ണം	ജാതിവിവരം ലിസ്റ്റ്
൧. വിമൻസ് കോളേജ്, തിരുവനന്തപുരം	ക്ക ര കുറവർ	൨൨

LIBRARY ARCHIVES Kerala Legislative Assembly

൨.	മഹാത്മാഗാന്ധി കാളേജ്, തിരുവനന്തപുരം	൨	വ	വേലൻ	൧൧
൩.	യൂണിവേഴ്സിറ്റി സെക്കൻറ് ഗ്രേഡ് കാളേജ്, തിരുവനന്തപുരം	൪	൨	പുലയൻ	൧൧൨
൪.	ടി ഫ്രാംഗ്രേഡ് ടി	൧	൩	പറയൻ	൪ ൪
൫.	മാർ ഇവാനിയോസ് കാളേജ്, തിരുവനന്തപുരം		വ	വേടൻ	൧
൩	എഞ്ചിനീയറിംഗ് കാളേജ്, തിരുവനന്തപുരം		൪	കണക്കൻ	൪
൬.	കോവപ്പറേറ്റീവ് കാളേജ്, തിരുവനന്തപുരം		൩	പെരുമണ്ണാൻ	൧വ
വ.	സംസ്കൃത കാളേജ്, തിരുവനന്തപുരം		൪	വീരശൈവൻ	൧൬
൯.	യൂണിയൻ ക്രസ്ത്യൻ കാളേജ്, ആലുവാ		൩	പതിയാൻ	൧
൧൦.	സെൻറ് മേരീസ് കാളേജ്, തൃശ്ശൂർ		൪	വണ്ണാൻ	൬
൧൧.	സെൻറ് തോമസ് കാളേജ്, തൃശ്ശൂർ		൬	തച്ചൻ	൩
൧൨.	സെൻറ് ബർക്കുമാൻസ് കാളേജ്, ചങ്ങനാശ്ശേരി		൬	പറവൻ	൫
൧൩.	സെൻറ് ആൽബർട്ട് കാളേജ്, എറണാകുളം		൨	തണ്ടാൻ	൩
൧൪.	കേരളവർമ്മ കാളേജ്, തൃശ്ശൂർ		൩	ചക്കിലിയൻ	൧
൧൫.	സി. എം. എസ്സ്. കാളേജ്, കോട്ടയം	൧	൦	പാണൻ	൨
൧൩.	ഗവൺമെണ്ട് കാളേജ്, ചിറയ്ൻ		൧	പള്ളൻ	൩
൧൬.	ശ്രീനാരായണ കാളേജ്, കൊല്ലം	൩	൦	കാക്കാലൻ	൩
൧വ.	മഹാരാജാസ് കാളേജ്, എറണാകുളം	൩	൪	മണ്ണാൻ	൧
൧൭.	സെക്രഡ് ഹാർട്ട് കാളേജ്, തേവര		൧	വേട്ടുവൻ	൨
൨൦.	എസ് ഡി. കാളേജ്, ആലപ്പുഴ		൫	പടന്നാൻ	൪
൨൧.	എസ സി. കാളേജ്, നാഗർകോവിൽ		൧൨	വാതിരിയാൻ	൧
൨൨.	എൻ. എസ്സ്. എസ്സ്, ഹിന്ദു കാളേജ്, ചങ്ങനാശ്ശേരി		൧വ	മലയരയൻ	൧
൨൩.	എൻ. എസ്സ്. എസ്സ്. കാളേജ്, പന്തളം		൬	വണ്ണുവർ	൧

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളുടെ പേരുവിവരം	വിദ്യാർത്ഥികളുടെ എണ്ണം	ജാതിവിവരം ലിസ്റ്റ്
ഉ ര്. സെൻറ് തോമസ് കോളേജ്, പാലാ	ഉ	അയ്യനവർ ഫ
ആകെ	ഉ ന്നു വ	ആകെ ഉ ന്നു വ

പാഠപുസ്തക വിതരണം

*ഫ ഫ ര ര. (ഇൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) മലയാളം പ്രൈമറി ക്ലാസ്സുകളിലെ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ഗവണ്മെണ്ടിൽനിന്നും സൗജന്യമായി ഇക്കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) എത്ര വിദ്യാർത്ഥികൾക്ക്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ, ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പാഠപുസ്തകം സൗജന്യമായി കൊടുത്തുവരുന്നുണ്ട്.

(സി) ഈ ചോദ്യത്തിന് ഉത്തരം നല്കുന്നതിനു വേണ്ടിവരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു തീരെ അപര്യാപ്തമാണ്.

തോക്കുപയോഗത്തിനുള്ള ലൈസൻസ്

*ഫ ഫ ര ഉ. (ന ര) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൃഷിക്കാർ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന തോക്കുകളെല്ലാം ഡിപ്പോസിറ്റ ചെയ്യിച്ചിട്ടുള്ളതായിട്ടറിയാമൊ;

(ബി) അതിൽ പലരുടെയും ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത്?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൃഷിയാവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിച്ചുവരുന്ന തോക്കുകൾ ഡിപ്പോസിറ്റ ചെയ്യിച്ചിട്ടില്ല.

(ബി & സി) ഉത്തരം ഉദിക്കുന്നില്ല.

മോണോസൈറ്റ് ഫാക്ടറികൾ

*ഫ ഫ ര ന. (ന വ) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമൊ —

(എ) ഗവണ്മെണ്ടിന്റെ കൈവശം ഇപ്പോൾ എതെല്ലാം മോണോസൈറ്റ് ഫാക്ടറികൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly